കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പടിയൂർ കല്യാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.14/1879/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയതി. 11.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത്-2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

# കണ്ണൂർ ജില്ലയിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പടിയൂർ -കല്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2018 മുതൽ 5.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ശശികുമാർ എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 6.12.2019 മുതൽ 21.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഷൈജു മാത്യു, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.ആൽബർട്ട് ജോസ്, സീ.ഗ്രേ .ഓഡിറ്റർ<br>ശ്രീമതി.ബിസ്മി എസ്.നായർ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കെ.ശ്രീജ. | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.കെ.നാരായണൻ | 1.4.2018 മുതൽ 31.3.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.വോൾഗ വിജയൻ | 01.04.2018 മുതൽ 15.11.2018 വരെ |
| | ഡോ. അജിത് കുമാർ സി | 16.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.അമ്പിളി സി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ഷോണി എസ്.പി | 01.04.2018 മുതൽ 14.05.2018 വരെ |
| | അശ്വതി ടി.എസ് | 15.05.2018 മുതൽ 18.09.2018 വരെ |
| | ആദർശ് കെ.കെ | 19.09.2018 മുതൽ 25.11.2018 വരെ |
| | അശ്വതി കെ ശശിധരൻ | 26.11.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.നവാസ് ഷെരീഫ് സി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനിയർ എൽ.എസ്.ജി.ഡി | മോഹൻ ദാസ് ഒ.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | എ.പി ഗോപി | 01.04.2018 മുതൽ 24.06.2018 വരെ |
| | വി രാമചന്ദ്രൻ | 25.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | അനിത കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ പടിയൂർ | അബ്ദുള്ള സി | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| വി.ഇ.ഒ കല്ല്യാട് | ജെയിംസ് കെ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | അശ്വതി കെ.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | കെ നാരായണൻ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം | വിവരണം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം – 1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1–1 |
| 2 | വാർഷീകധനകാര്യ പത്രിക | 1–2 |
| 3 | സാമ്പത്തീക വിശകലനം | 1–3 |
| 4 | ഫണ്ട് വിനിയോഗം | 1–4 |
| 5 | പദ്ധതി അവലോകനം | 1–5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1–6 |
| 7 | ക്ഷേമപദ്ധതികൾ | 1–7 |
| 8 | ക്യാഷ് പരിശോധന | 1–8 |
| 9 | ആഭ്യന്തിര നിയന്ത്രണം. | 1–9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–10 |
| 11 | വാർഷീക കണക്കുകളിലെ അപാകങ്ങൾ | 1–11 |
| 12 | തൊഴിൽനികുതി അപാകങ്ങൾ | 1–12 |
| 13 | അച്ചടി പ്രവർത്തികളുടെ കരാർ -അപാകങ്ങൾ | 1–13 |
| 14 | കറവപശു വിതരണം-ഗുണഭോക്തൃപട്ടികയിലെ ക്രമം മറികടന്ന് ആനുകൂല്യം നൽകി | 1–14 |
| 15 | പെണ്ണാട് വളർത്തൽ(എസ്.ടി)സബ്സിഡി നൽകിയതിലെ അപാകം. | 1–15 |
| 16 | 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം-കട്ടിൽ വാങ്ങിയതിലെ അപാകങ്ങൾ | 1–16 |
| 17 | പൊതുമരാമത്ത് പ്രവൃത്തികൾ-അപാകങ്ങൾ | 1–17 |
| 18 | നേന്ത്രവാഴ കൃഷി -അപാകങ്ങൾ | 1–18 |
| 19 | എസ്.എസ്.എ വിഹിതം-പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടില്ല. | 1–19 |

| | | |
|---|---|---|
| 20 | തെരുവ് വിളക്ക് പരിപാലനം നടക്കുന്നില്ല. | 1-20 |
| 21 | പാലിയേറ്റീവ് പ്രൊജക്ട്-രേഖകളിലെ അപാകങ്ങളും മരുന്നുകൾ ലഭ്യമാകാത്തതും-അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-21 |
| 22 | സർക്കാർ ഉത്തരവ് പാലിക്കുന്നില്ല-പത്രപരസ്യം ഇനത്തിൽ അധിക ചെലവ് | 1.22 |
| 23 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല:സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 24 | വാട്ടർ അതോറിറ്റിയിൽ നിന്നും 41417 രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 25 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം-വിസ്തീർണ്ണം വ്യക്തമാക്കിയിട്ടില്ല: ഭൂനികുതി അടവാക്കിയിട്ടില്ല. | 1-25 |
| | ഭാഗം – 2 – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 3 – ചെലവ് വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷികധനകാര്യ പത്രിക പരിശോധിച്ച്സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 28 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം. | 4-11 |
| | | |

| | | |
|---|---|---|
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 39 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

9.3.2018 തീയതിയിലെ 1/1തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.2.2019തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 4929829 |
| വരവ് | 163594482 |
| ആകെ | 168524311 |
| ചെലവ് | 166090282 |
| നീക്കിയിരിപ്പ് | 2434029 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 21.5.2019 | തിരിച്ചയച്ചിട്ടില്ല. | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| മുന്നിരിപ്പ് | 11211211 |
|---|---|
| | |

| | |
|---|---|
| വരവ് | 71557668 |
| ആകെ | 82768879 |
| ചെലവ് | 70823875 |
| നീക്കിയിരിപ്പ് | 11945004 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16029000 | 16029000 | 16029000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1362000 | 1362000 | 1362000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2188000 | 2188000 | 2188000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6841000 | 6841000 | 6841000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3267000 | 3267000 | 3267000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7438000 | 7438000 | 7438000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | | | | |
| പൊതു ആവശ്യ ഗ്രാന്റ് | 1364835 | 8647811 | 10012646 | 8404406 | 1608240 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 671924 | 663800 | 1335724 | 0 | 1335724 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | 0 | 377000 | 377000 | 377000 | 0 |
| ശുചിത്വ മിഷൻ | 2432731 | 482000 | 2914731 | 676506 | 2238225 |
| പശ്ചിമഘട്ട വികസന പദ്ധതി | 963902 | 39138 | 1003040 | 0 | 1003040 |
| ദുരിതാശ്വാസനിധി | 112979 | 7973 | 120952 | 115000 | 5952 |
| സാക്ഷരത | 3653 | 147 | 3800 | 0 | 3800 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എം.പി ഫണ്ട് | 11984 | 423 | 12407 | 1006 | 11401 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 6906 | 446271 | 453177 | 447167 | 6010 |
| ടി.എസ്.ബി സംയുക്തപ്രോജക്ടുകൾക്കുള്ള തുക | 950182 | 5512833 | 6463015 | 5970108 | 492907 |
| തനത് ഫണ്ട് | 4692115 | 18255272 | 22947387 | 17707682 | 5239705 |
| ആകെ | 11211211 | 71557668 | 82768879 | 70823875 | 11945004 |

# 1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ചത് |
|---|---|---|---|---|---|---|
| 125 | 72090545 | 104 | 59593534 | 0 | 13 | 112 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

<u>പൊതു അവലോകനം.</u>

ഓഡിറ്റ് വർഷത്തിൽ ഗ്രാമസഭകളും ആസൂത്രണസമിതിയും യഥാസമയങ്ങളിൽ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളിലും ഗ്രാമസഭകളിലും പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ചചെയ്യപ്പെടുകയും അവ വികസനസെമിനാറിലേക്ക് പരിഗണിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതി രേഖപ്രകാരം 125പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 112 പ്രോജക്ടുകൾ നടപ്പിലാക്കുകയും 13 എണ്ണം സ്പിൽ ഓവറാവുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ടുകളുടെ മോണിറ്ററിംഗ് വേണ്ടവിധത്തിൽ നടന്നതായി രേഖപ്പെടുത്തൽ ഇല്ല.മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ അപ്രകാരം പ്രവർത്തിച്ചതായി അവയുടെ മിനുട്സുകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാവുന്നില്ല.

ഓഡിറ്റ് വർഷത്തിൽ പശ്ചാത്തലമേഖലയിൽ കേവലം 1.54 കി.മീ മാത്രമേ പുതിയ റോഡുകൾ ടാർ ചെയ്തതായി കാണുന്നുള്ളൂ.നിലവിലുള്ള റോഡുകൾ റീടാറിംഗ് നടത്തിയത് 4.35 കി.മീ.മാത്രമാണ്. ഇവയുടെ ഗുണമേന്മാ പരിശോധന നടത്തിയാതായി കാണുന്നില്ല.

ഉദ്പാദന മേഖലയിലുള്ള പ്രോജക്ടുകളിൽനിന്നുള്ള നേട്ടങ്ങൾ കൃത്യമായി വിലയിരുത്തപ്പെട്ടിട്ടില്ലയെങ്കിലും കശുമാവ് കൃഷി പോലുള്ള ദീർഘകാല വിളകളുടെ വ്യാപനത്തിന് ഊന്നൽ നൽകിയിരിക്കുന്നത് അഭിനന്ദനാർഹമാണ്.

സേവനമേഖലയിൽ പാലിയേറ്റീവ് പരിചരണം ഉൾപ്പെടെയുള്ള പ്രോജക്ടുകൾ നല്ല രീതിയിൽ നടപ്പിലാക്കിയതായി രേഖകളിൽനിന്നും വ്യക്തമാവുന്നു. എന്നാൽ ക്യാൻസർ രോഗ നിർണ്ണയ പ്രോജക്ട് പോലുള്ള ചില പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല.

മാലിന്യനിർമ്മാർജ്ജനത്തിൽ ഗ്രാമപഞ്ചായത്ത് നൽകുന്ന പ്രാധാന്യം അഭിനന്ദനാർഹവും ഹരിതകർമ്മസേനയുടെ പ്രവർത്തനം മാതൃകാപരവുമാണ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നടന്നിട്ടുണ്ടെങ്കിലും അംഗീകരിക്കപ്പെട്ട ഗുണഭോക്തൃപട്ടികയിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും വരുത്തുന്നതായി കാണുന്നത് അഭിലഷണീയമല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6906 | 1433861 | 1440767 | 1434757 | 6010 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 25471451 | 25471451 | 25471451 | - |
| ആകെ | 6906 | 26905312 | 26912218 | 26906208 | 6010 |

തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച്

| ക്ര.ന | പ്രവൃത്തി തരം | എണ്ണം | അടങ്കൽ |
|---|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ | 130 | 19901787 |
| 2 | ഭൂവികസന പ്രവൃത്തികൾ | 80 | 4400248 |
| 3 | കിണർ നിർമ്മാണം | 6 | 100528 |
| 4 | ജലസ്രോതസ്സുകളുടെ പുന:രുദ്ധാരണം | 4 | 482000 |
| 5 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ (റോഡ്) | 19 | 4802263 |
| 6 | വ്യക്തിഗത ആസ്തികൾ (ഭവന നിർമ്മാണം, കമ്പോസ്റ്റ് പിറ്റ്) | 51 | 2500487 |

| | | | |
|---|---|---|---|
| | ആകെ | 290 | 32187313 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ .

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 270000 | 154 |
| കർഷകതൊഴിലാളി പെൻഷൻ | 9563100 | 754 |
| വിധവാപെൻഷൻ | 10486900 | 851 |
| വാർദ്ധക്യകാലപെൻഷൻ | 16965900 | 1389 |
| ശാരീരിക /മാനസീക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കുള്ള പെൻഷൻ | 3183100 | 250 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 447600 | 40 |
| വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന19.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12531രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എല്ലാ മാസങ്ങളിലും 5ാം തിയ്യതിക്ക് മുമ്പായി സ്റ്റാഫ് മീറ്റിംഗ് കൂടിയിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകളിൽ ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെട്ടസേവനം നൽകുന്നതിനുതകുന്ന വിധത്തിലുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.നൂറ് ശതമാനം നികുതി പിരിവ് കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.ഓഫീസ് ഓർഡർ ബുക്കിൽ ജോലി വിഭജനം സമയാസമയങ്ങളിൽ നടത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2019 | 2019 സെപ്റ്റംബർ | 23.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.08.2019 | 2009-10 to 13-14 | 17.10.2019 |

# 1-11 വാർഷികകണക്കുകളിലെ അപാകങ്ങൾ

1)വാർഷിക ധനകാര്യ പത്രികയിൽ പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പ്എഴുതി തയ്യാറാക്കിയിട്ടില്ല.

2)വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3)പഞ്ചായത്തിൽനിന്നും നൽകിയ 3 വർഷം കാലാവധി കഴിഞ്ഞ താഴെ പറയുന്ന കാലഹരണപ്പെട്ട ചെക്കുകൾ വരവായി തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

| ചെക്ക് നം | തിയ്യതി | തുക | ബാങ്ക് |
|---|---|---|---|
| 214719 | 6.6.2014 | 400 | ഉളിക്കൽസർവ്വീസ് സഹകരണ ബാങ്ക് |
| 200275 | 20.8.2015 | 300 | |

4)ആസ്തി രജിസ്റ്റർ കാലീകമായി എഴുതി സൂക്ഷിക്കാത്തതിനാൽആസ്തികളുടെ ഡിപ്രീസിയേഷൻ ചാർജ്ജ് ചെയ്തത് ആസ്തികളുടെ നിരക്ക്, മൂല്യം, കാലദൈർഘ്യം എന്നിവ പരിഗണിച്ച് നിയമാനുസൃതമാണോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

5)2018-19 വർഷത്തിലെ വസ്തുനികുതിപിരിവിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സാംഖ്യയിലും സഞ്ചയയിലും പൊരുത്തപ്പെടുന്നില്ല.2017-18വർഷത്തെ ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ വസ്തു നികുതിയിനത്തിൽ കുടിശ്ശികയായി ലഭിക്കാനുള്ള തുകയേക്കാൾ കുറഞ്ഞ തുകയാണ് 2018-19 വർഷത്തിൽ സഞ്ചയ പ്രാരമുള്ള കുടിശ്ശികയായി ഡിമാന്റ് ചെയ്തത്.

# 1-12 തൊഴിൽ നികുതി-അപാകങ്ങൾ

എ)അറുപത് ദിവസത്തിൽ കൂടുതൽ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്ത് സ്ഥലംമാറിപ്പോയ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചാത്ത് രാജ് നിയമങ്ങളിലെ 204(1) വകുപ്പ് പ്രകാരം ഒരാൾ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനുശേഷം സ്ഥലംമാറിപ്പോയ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തൊഴിൽ ചെയ്ത സ്ഥാപനം | സ്ഥാപനത്തിൽനിന്നും വിടുതൽ ചെയ്ത തീയ്യതി. | നികുതി ഈടാക്കേണ്ട വർഷം |
|---|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ ഇ.വി. | കേരളാ ഗ്രാമീൺ ബാങ്ക് | 30-06-2018 | 2018-19 ഒന്നാം അർദ്ധവർഷം |
| 2 | നിഖിൽ മോഹനൻ | കേരളാ ഗ്രാമീൺ ബാങ്ക് | 30-06-2018 | 2018-19 ഒന്നാം അർദ്ധവർഷം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17-12-2019) ക്രമ നം.1,2 ആയി രേഖപ്പെടുത്തിയ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കാൻ വിട്ടു പോയ വേറെ ജീവനക്കാർ ഉണ്ടോ എന്ന് പരിശോധിക്കുകയും നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

ബി)തൊഴിൽ നികുതി റിട്ടേണുകൾ അപൂർണ്ണം

സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽനികുതി റിട്ടേണുകളിൽ വരുമാനം സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തി കാണുന്നില്ല.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(1.)ഇ.ടി.ചിക്കൻ ഫാം ,മണിക്കടവ്.

(2.)ഉരുത്തിയിൽ റബ്ബർ ട്രേഡേർസ്.

സ്ഥാപനങ്ങൾ നൽകുന്ന തൊഴിൽനികുതി റിട്ടേണുകളിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സി)തൊഴിൽ നികുതി ഈടാക്കിയില്ല.

(1).പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ വർക്കർമാർ,ഹെൽപ്പർമാർ ,പാലിയേറ്റീവ് പദ്ധതിക്കായി നിയോഗിച്ച ഡ്രൈവർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

(2).നിയമന അംഗീകാരം കിട്ടാത്ത താഴെ പറയുന്ന അദ്ധ്യാപകരിൽ നിന്നും തൊഴിൽ നികുതി നിയമനാംഗീകാരം ലഭിക്കുന്ന മുറക്ക് ഈടാക്കേണ്ടതാണ്.

| ക്രമ നം. | സ്കൂൾ | പേര് |
|---|---|---|
| 1 | എസ്.എൻ.എ.യു.പി.സ്കൂൾ,പടിയൂർ | സബ്ന പി.കെ. |
| 2 | എസ്.എൻ.എ.യു.പി.സ്കൂൾ,പടിയൂർ | സുനന്ദ് പി.കെ. |
| 3 | സെന്റ് ആന്റണീസ് എ.എൽ.പി.സ്കൂൾ,കല്ലുവയൽ | സാന്ദ്ര തെരേസ വി.ടോം |
| 4 | നാരായണ വിലാസം എ.എൽ.പി.സ്കൂൾ,പെരുമണ്ണ് | വീണ കെ. |

അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കേണ്ടതാണ്.

ഡി)താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാർ | കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | റബ്ബർ ബോർഡ് | വേണുഗോപാലൻ നായർ | രണ്ടാം അർദ്ധവർഷം | |
| 2 | ആദർശ് വെൽഡിംങ് &വുഡ് വർക്ക്സ് | മുഴുവൻ ജീവനക്കാരും | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് അപേക്ഷ പ്രകാരം രണ്ട് ജീവനക്കാർ. |
| 3 | മോഡേൺ ക്രഷേർസ് | മുഴുവൻ ജീവനക്കാരും | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് അപേക്ഷ പ്രകാരം രണ്ട് ജീവനക്കാർ. |
| 4 | ഇരിക്കൂർ ഭാരത് ഗ്യാസ്.എൽ.പി.ജി.ഷോറൂം ,(ഷാനത്ത് കെ.ടി.) | മുഴുവൻ ജീവനക്കാരും | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് അപേക്ഷ പ്രകാരം നാല് ജീവനക്കാർ. |
| 5 | സെന്റ് ജൂഡ് ഏജൻസീസ്(സാബു എം.എസ്.) | മുഴുവൻ ജീവനക്കാരും | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് അപേക്ഷ പ്രകാരം രണ്ട് ജീവനക്കാർ. |

തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17-12-2019 ) മറുപടി നൽകിയിട്ടുണ്ട്.നടപടി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി.) വകുപ്പ് അനുശാസിക്കും പ്രകാരമുള്ള നടപടികൾ സെക്രട്ടറി കൈക്കൊണ്ടതായി കാണുന്നില്ല. ഇത് പ്രകാരമുള്ള വിവരങ്ങൾ സെക്രട്ടറി ആവശ്യപ്പെടുകയും, നികുതി വരുമാനം വർദ്ധിപ്പിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 1-13 അച്ചടി പ്രവൃത്തികളുടെ കരാർ -അപാകങ്ങൾ

2018-19 വർഷത്തിലെ അച്ചടി ജോലികൾ കരാർ നൽകിയതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

എ)പ്രിന്റിംഗ് പ്രവൃത്തികൾക്ക് കരാർ ഉടമ്പടി ചമച്ചിട്ടില്ല; നിരക്ക് നിശ്ചയിച്ചിട്ടില്ല.

2018-19 വർഷത്തിൽ അച്ചടി പ്രവർത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ബ്രദേഴ്സ് ഓഫ് സെറ്റ് പ്രിന്റേഴ്സ് ഇരിക്കൂർ എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് തീരുമാനം നം.11(1)/4.5.2018 പ്രകാരം പ്രവൃത്തി നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തുകൊണ്ടുള്ള അറിയിപ്പ് സ്ഥാപനത്തിന് നൽകിയതായോ, സ്ഥാപനവുമായി കരാർ ഉടമ്പടി ചമച്ചതായോ കാണുന്നില്ല. മാത്രമല്ല ഈ സ്ഥാപനത്തിന്റേതുൾപ്പെടെ ലഭ്യമാക്കിയിരിക്കുന്ന ടെൻഡറുകൾ ഒന്നിലും ഒപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇത്തരം അപാകങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബി)പ്രധാനപ്പെട്ട ഇനങ്ങളുടെ നിരക്കുകൾ ക്വട്ടേഷനിൽ കാണിച്ചിട്ടില്ല.

ഏറ്റവും കൂടുതൽ തുക ചെലവഴിക്കേണ്ടിവന്നിരിക്കുന്ന അന്തിമഗുണഭോക്തൃപട്ടികയുടെയും വാർഷിക പദ്ധതി രേഖയുടെയും അച്ചടിയുടെ നിരക്ക് സംബന്ധിച്ച വിവരം ക്വട്ടേഷനുകളിൽ എവിടെയും വ്യക്തമാക്കിയിട്ടില്ല. എന്നാൽ 2017-18 വർഷത്തിലെ അന്തിമ ഗുണഭോക്തൃ പട്ടിക അച്ചടിച്ചതിന്റെ ചെലവിനത്തിൽ 9700 രൂപ ബ്രദേഴ്സ് ഓഫ് സെറ്റ് പ്രസ്സിന് നൽകിയിട്ടുണ്ട്. (ബിൽ നം. 15/12.6.2018)പണം ആവശ്യപ്പെട്ടുകൊണ്ട് പ്രസ്സിൽനിന്നും ലഭ്യമാക്കിയ ബില്ലിൽ കോപ്പികളുടെ എണ്ണം പറയുന്നില്ല. എന്നാൽ സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഒരു കോപ്പി മാത്രമാണ് ലഭിച്ചിട്ടുള്ളത്. കേവലം 200 പേജുകൾ മാത്രമുള്ള ഈ പുസ്തകത്തിന്റെ ഒരു കോപ്പി പ്രിന്റ് ചെയ്തയിനത്തിൽ 9700 രൂപ നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.ഇതിനുള്ള മറുപടിയായി പട്ടികയുടെ മൂന്ന് കോപ്പികൾ ലഭിച്ചിരുന്നുവെന്നും സ്റ്റോക്ക് രജിസ്റ്ററിൽ കാണിക്കുന്നതിന് വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി.

അതുപോലെ 2018-19 വർഷത്തിലെ അന്തിമഗുണഭോക്തൃപട്ടിക അച്ചടിച്ചതിന് ഇതേ പ്രസ്സിന് 9140 രൂപ നൽകിയിട്ടുണ്ട്.(ബിൽ നം 76/1.3.2019)പ്രസ്സിൽനിന്നും ലഭ്യമാക്കിയിരിക്കുന്ന ബിൽ പ്രകാരവും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരവും ഇതിന്റെ 3 കോപ്പികളാണ് ലഭിച്ചിരിക്കുന്നത്. ഒരു കോപ്പിക്ക് 3046.67 എന്ന് നിശ്ചയിച്ചത് എപ്രകാരമെന്ന് വ്യക്തമല്ലായെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി ഒരു പേജിന് 50 രൂപ നിരക്കിൽ ഡി.റ്റി.പി ചെയ്തതിനാലാണ് ഇത്ര ചെലവ് വന്നതെന്ന് വ്യക്തമാക്കുകയുണ്ടായി.

പഞ്ചായത്തിന്റെ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാവുന്ന ഗുണഭോക്തൃ പട്ടിക വലിയ തുക നൽകി അച്ചടിച്ച് തയ്യാറാക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

കൂടാതെ 2018-19 വർഷത്തെ വാർഷിക പദ്ധതിരേഖ അച്ചടിച്ച വകയിൽ ഇതേ പ്രസ്സിന് 27400 രൂപ നൽകിയിട്ടുണ്ട്. ഈ പുസ്തകത്തിന്റെ 100 കോപ്പികളാണ് ലഭിച്ചിരിക്കുന്നത്. ഇവ ആർക്കൊക്കെയാണ് വിതരണം ചെയ്തതെന്നുള്ള വിശദമായ പട്ടിക സ്റ്റോക്ക് രജിസ്റ്ററിലില്ല. വിതരണ വിവരങ്ങൾ വ്യക്തികളുടെ/സംഘടനകളുടെ പേര് തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

# 1-14 കറവപ്പശു വിതരണം-ഗുണഭോക്തൃപട്ടികയിലെ ക്രമം മറികടന്ന് ആനുകൂല്യം നല്കി.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ,പടിയൂർ വെറ്റിനറി ഡിസ്പെൻസറി. |
| പ്രോജക്ട് നമ്പർ, പേര് | 76/19 വനിതകൾക്ക് കറവപശു വിതരണം |
| അടങ്കൽ | രൂ. 1040000/-<br>520000/-(വികസന ഫണ്ട്-ജനറൽ)<br>520000/-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് രൂ. 1040000/- | (1) ബിൽ നം.6/18-19/28-11-2018 രൂ.100000/-<br>(2)ബിൽ നം.7/18-19/28-11-2018 രൂ.160000/-<br>(3)ബിൽ നം.12/18-19/10-01-2019രൂ.100000/-<br>(4)ബിൽ നം.13/18-19/10-01-2019 രൂ.60000/-<br>(5)ബിൽ നം.17/18-19/13-02-2019രൂ.80000/-<br>(6)ബിൽ നം.22/18-19/15-03-2019 രൂ.20000/- |
| ഗുണഭോക്താക്കളുടെ വിവരങ്ങൾ | 26ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തു. |

പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്ത് വനിതകൾക്ക് കറവപശു വിതരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും

തുക പിൻവലിച്ച്, 26 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

ബിൽ നം.6/18-19/28-11-2018 രൂ.100000/-

മേൽ പറഞ്ഞ ബിൽ പ്രകാരം ധനസഹായം നൽകിയ ശോഭന കെ.എന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ 19 ാം നമ്പറായി വരുന്ന ആൾ ആണ് .ഇവർ നൽകിയ അപേക്ഷയിലെ മേൽവിലാസം ശോഭന കെ.,ദേവി സദനം,ആലത്തുപറമ്പ എന്ന് ആണ്. എന്നാൽ പദ്ധതി പ്രകാരം ധനസഹായം നൽകിയ വ്യക്തിയുടെ മേൽവിലാസം ആധാറിലും പാസ്സ് ബുക്കിലും ശോഭ ബി.,അനന്താലയം, ആലത്തുപറമ്പ എന്നാണ് (പ്രസ്തുത വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നം.62 ആയി വരുന്ന ആൾ ആണ്.) ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടതും അപേക്ഷ നൽകിയതുമായ വ്യക്തിക്ക് പകരം മറ്റൊരാൾക്ക് ധനസഹായം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20-12-2019) നൽകിയ മറുപടി പ്രകാരം വ്യക്തിപരമായോ സാമ്പത്തികപരമായോ പദ്ധതിയുമായി സഹകരിക്കാൻ കഴിയാത്തവർക്ക് പഞ്ചായത്തിൽ അറിയിക്കുന്ന പക്ഷം അവർക്ക് പകരം ലിസ്റ്റിൽ പദ്ധതിയുമായി സഹകരിക്കുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത് എന്നതാണ്. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. ഗുണഭോക്തൃ ലിസ്റ്റിൽ വളരെ പിന്നിലായ വ്യക്തിക്ക് ആനുകൂല്യം നൽകുമ്പോൾ യഥാർത്ഥത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് സഹായം ആവശ്യമില്ല എന്ന സ്റ്റേറ്റ് മെന്റ് അവരിൽ നിന്നും വാങ്ങിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിലെ ക്രമം പാലിക്കാതെ ആനുകൂല്യം നൽകുന്നത് തെറ്റായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പെണ്ണാട് വളർത്തൽ -(എസ്.ടി)-സബ്സിഡി നൽകിയതിലെ അപാകം.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ,പടിയൂർ വെറ്റിനറി ഡിസ്പെൻസറി. |
| പ്രൊജക്ട് നം.,പേര് | 117/19പെണ്ണാട് വളർത്തൽ |
| അടങ്കൽ | രൂ. 112000/-<br>39000/-(വികസന ഫണ്ട്-ജനറൽ)<br>33000/-(വികസന ഫണ്ട്-ടി.എസ്.പി.)<br>40000/-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് രൂ. 48000/- | (1) ബിൽ നം.1/18-19/21-05-2018 രൂ.13000/-<br>(2)ബിൽ നം.2/18-19/21-05-2018 രൂ.11000/-<br>(3)ഗുണഭോക്തൃ വിഹിതം-രൂ.24000/- |

പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിലെ എസ്.ടി.വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പെണ്ണാടിനെ വിതരണം ചെയ്യുക എന്നതായിരുന്നു മേൽ പദ്ധതിയുടെ ലക്ഷ്യം. ഇത് പ്രകാരം 2018-19

വർഷത്തിൽ നാല് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുകയുണ്ടായി. ഇപ്രകാരം ധനസഹായം ലഭിച്ച ഒരു ഗുണഭോക്താവായ മിനി ഗോവിന്ദൻ (ഇവർ ആടിനെ വാങ്ങിയ ബിന്ദു രവി എന്നവരുടെ അക്കൌണ്ടിലേക്കാണ് പണം ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്) തന്നെ മറ്റൊരു ഗുണഭോക്താവായ മിനി കെ.കെ.പള്ളത്ത് എന്നവർക്ക് ആടിനെ നൽകിയ വകയിൽ പണം കൈപ്പറ്റിയതായും കാണുന്നു.നിലവിൽ സ്വന്തമായി ആട് ഉണ്ടായിരിക്കുകയും പ്രസ്തുത ആടിനെ മറ്റൊരാൾക്ക് കൈമാറി പണം കൈപ്പറ്റുകയും ചെയ്ത വ്യക്തിക്ക് ആടിനെ വാങ്ങുന്നതിന് പദ്ധതി പണം നൽകിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/20-12-2019 ) ലഭ്യമാക്കിയ മറുപടി പ്രകാരം ആടിനെ വളർത്തുന്നതിന് ഭൗതിക സാഹചര്യവും താത്പര്യവും ഉള്ള വ്യക്തി എന്ന നിലക്കാണ് മിനി ഗോവിന്ദൻ എന്നവർക്ക് ആനുകൂല്യം നൽകിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പഞ്ചായത്തിലെ എസ്.ടി.വനിതകൾക്ക് ആടു വളർത്തലിലൂടെ അധിക വരുമാനം ലക്ഷ്യമാക്കിയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തിലെത്തുന്നതിന് മേൽ പരാമർശിച്ച തരത്തിലുള്ള നടപടികൾ ഉചിതമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-16 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം - കട്ടിൽ വാങ്ങിയതിലെ അപാകങ്ങൾ.

ഓഡിറ്റ് വർഷത്തിൽ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

എ)60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ)

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നം.,പേര് | 12/19 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | രൂ. 1,50,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് രൂ. 129166/- | (1) ബിൽ നം.9/18-19/10-01-2019 രൂ. 129166<br>(Amount Transfer credited to the Beneficiary (smt. Premavalli C )Bank A/C No. SBIN0070598//57064388676) |
| ഗുണഭോക്താക്കളുടെ വിവരങ്ങൾ | 34 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തു. |
| സബ് വൗച്ചർ നമ്പർ /തീയതി | 2/10-12-2018 സ്നേഹ ഫർണിച്ചർ, ബ്ലാത്തൂർ |

ബി)60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (പട്ടികജാതി)

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നം.,പേര് | 17/19 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | രൂ. 100000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് രൂ. 94975/- | (1) ബിൽ നം.17/18-19/16.02.2019 ര. 94975/-<br>Amount Transfer credited to the Beneficiary ( smt. Premavalli C<br>)Bank A/C No. SBIN0070598//57064388676-on 16.02.2019 |
| ഗുണഭോക്താക്കളുടെ വിവരങ്ങൾ | 25 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തു. |
| സബ് വൗച്ചർ നമ്പർ / തീയതി | 501/25.01.2019 |

പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്ത് 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച്, മുകളിൽ കാണിച്ചതിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടിൽ 34 ഗുണഭോക്താക്കൾക്കും അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടിൽ 25 ഗുണഭോക്താക്കൾക്കും കട്ടിൽ വാങ്ങിച്ച് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ടെൻഡർ നോട്ടീസ് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ / വ്യക്തികൾ ടെണ്ടറിൽ പങ്കെടുത്ത് ടെൻഡർ തുക ക്വോട്ട് ചെയ്തിട്ടുണ്ട് .

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ / വ്യക്തികൾ | ടെൻഡർ ക്വോട്ട് ചെയ്ത തുക |
|---|---|
| റെയ്ഡ്കോ | 3680<br>3350 |
| പ്രേമവല്ലി സി | 3799 |
| ജെ കെ ഫർണിച്ചർ | 2790 |
| ഫിഡ്കോ | 4222 |
| റോയൽ ഏജൻസീസ് | 4344 |
| ജെ എസ് ടിംബേർസ് | 3500 |

എന്നാൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡർ സ്വീകരിച്ചല്ല കട്ടിലുകൾ വാങ്ങിച്ചത് .ഇതിന്റെ കാരണം വ്യക്തമല്ല. ടെൻഡർ ലഭിച്ചതും കട്ടിലുകൾ വിതരണം നടത്തിയതും പ്രേമവല്ലി സി (സ്നേഹ ഫർണിച്ചർ ബ്ളാത്തൂർ ) എന്ന സ്ഥാപനം ആണ് .

2) ടെൻഡർ നോട്ടീസ് പ്രകാരം അംഗീകൃത കരാറുകാരിൽ നിന്നോ / വിതരണക്കാരിൽ നിന്നോ ടെണ്ടർ ക്ഷണിക്കുന്നു എന്നാണ് പറയുന്നത്. എന്നാൽ ടെണ്ടർ സ്വീകരിച്ച സ്നേഹ ഫർണിച്ചർ ബ്ളാത്തൂർ എന്ന സ്ഥാപനം ഒരു അംഗീകൃത കരാറുകാരൻ/വിതരണക്കാരൻ അല്ല. സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് GSTരജിസ്ട്രേഷൻ ഇല്ല .

3) ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ GSTഅടക്കമുള്ള തുകയാണ് രേഖപ്പെടുത്തിയത്. ടെണ്ടർ ലഭിച്ച സ്നേഹ ഫർണിച്ചർ ബ്ളാത്തൂർ എന്ന സ്ഥാപനം GST ബിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ GSTഅടക്കം ഉള്ള തുക രേഖപ്പെടുത്തി ടെണ്ടർ സ്വീകരിച്ച 25 കട്ടിൽ വിതരണം നടത്തി എങ്കിലും സ്ഥാപനത്തിന് GSTരജിസ്ട്രേഷൻ ഇല്ലാത്തതിനാൽ GST അടക്കുവാൻ നിർവാഹം ഇല്ല . ആയതിനാൽ 18 % GSTകിഴിച്ചുള്ള തുക ആയിരുന്നു സ്ഥാപനത്തിന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് ഒടുക്കേണ്ടതായ നികുതി ഒടുക്ക് വരുത്തിയിട്ടില്ലഎന്ന് വ്യക്തമാണ്. ഭാവിയിൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള സേവനദാതാക്കളിൽ നിന്നും ടെണ്ടർ ക്ഷണിക്കുവാൻ പരസ്യം ചെയ്യേണ്ടതാണ്.

4) ടെൻഡറിനൊപ്പം കൊടുത്ത സ്പെസിഫിക്കേഷൻ പ്രകാരം മര ഉരുപ്പടി ഏതാണെന്നു വ്യക്തമാക്കിയിട്ടില്ല ആയതിനാൽ തന്നെ ഒരു താരതമ്യ വിശകലനം വിഷമകരമാണ്. പല സ്ഥാപനങ്ങളും പല തരം മര ഉരുപ്പടികളിൽ തീർത്ത ഫർണിച്ചർ ആണ് വിതരണം നടത്തുവാൻ ഉദ്ദേശിച്ച ടെണ്ടർ നൽകിയത്. അതുകൊണ്ടു തന്നെ കംപാരിറ്റിവ് സ്റ്റേറ്റ്മെന്റ് പഞ്ചായത്ത് എങ്ങിനെ തയ്യാറാക്കി എന്ന് വ്യക്തമല്ല. ഇത് മത്സരാധിഷ്ഠിത ടെണ്ടർ നടപടി ക്രമങ്ങൾക്ക് നേർ വിപരീതമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/20-12-2019) ഗുണനിലവാരം പരിശോധിച്ച പർച്ചേർസ് കമ്മിറ്റി തീരുമാനപ്രകാരമാണ് മേൽ ടെണ്ടർ സ്വീകരിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ കട്ടിൽ എത് തരത്തിലുള്ള മരം കൊണ്ട് നിർമ്മിച്ചതാണെന്ന് പർച്ചേർസ് കമ്മിറ്റിയുടെ റിപ്പോർട്ടിലും പരാമർശമില്ല. കൂടാതെ ജി.എസ്.ടി.അടക്കാൻ ബാധ്യത ഇല്ലാത്ത സ്ഥാപനം ആണെന്നിരിക്കെ ഇതിന് ആനുപാതികമായ ഒരു കുറവ് വിലയിൽ കാണുന്നില്ല. ഭാവിയിൽ ഇത്തരത്തിലുള്ള കാര്യങ്ങൾക്കൂടി പരിഗണിച്ച് വാങ്ങൽ നടപടികളിലെ സുതാര്യത ഉറപ്പുവരുത്താനാവശ്യമായ നടപടികൾ പർച്ചേർസ് കമ്മിറ്റിയും ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്.

# 1-17 പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകങ്ങൾ

2018-19 വർഷത്തിൽ പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 45 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 43 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. വിഭാവനം ചെയ്ത പദ്ധതികളിൽ 96 ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 45 | ആകെ അടങ്കൽ | 22456410 |
| നടപ്പിലാക്കിയത് | 43 | ചെലവ് | 19576530 |
| ശതമാനം | 95.5% | ചെലവ് ശതമാനം | 87.15 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 3 എണ്ണവും സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. സ്പിൽ ഓവർ പ്രവൃത്തികൾ 2018-19 വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1.വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി.

2018-19 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 13 തവണയാണ്. വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പൊതുമരാമത്ത് പ്രവർത്തികളുടെ പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല. 2018-19 വർഷത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് യോഗം 3 തവണ ചേർന്നിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

2.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രോജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

3.മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല.

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്. മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം ടാറിങ് പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ ലഭ്യമായത് കുറവായതിനാൽ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും മിക്കതിലും പിന്നീട് ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്.

രണ്ട് ടെണ്ടറുകൾ മാത്രം സമർപ്പിക്കപ്പെട്ട എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും അപരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്യുകയും എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2018-19 വർഷത്തിൽ ആകെ 10 കരാറുകാർ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതിൽ അസ്വാഭാവികതയുണ്ട് ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിനും ഗവ നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് കൂടുതൽ കരാറുകാരെ ടെണ്ടറുകളിൽ പങ്കെടുപ്പിക്കുവാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്യൽ-കളക്ഷൻ തുക ഈടാക്കുന്നില്ല.

1996-ലെ കേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%തുക തൊഴിലാളി ക്ഷേമനിധി ഇനത്തിൽ ഈടാക്കുകയും അതിന്റെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ്ജായി ഗ്രാമപഞ്ചായത്തിലേക്ക് ഈടാക്കാവുന്നതുമാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ ക്ഷേമനിധി വിഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ ചാർജ്ജിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

5. ഇ ടെൻഡർ - ടെൻഡർ ഫോറങ്ങളുടെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2018-19 വർഷം ഇ ടെൻഡർ മുഖേന ടെൻഡർ ചെയ്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫോമുകളുടെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തത്. ഈ ഇനത്തിൽ മുൻകാലയളവിൽ ലഭിക്കാൻ അവശേഷിക്കുന്ന തുകകളും ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

6. മരാമത്തുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരിക്കേണ്ട താഴെ കൊടുത്ത രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

1.പ്രോജക്ട് രജിസ്റ്റർ

2. എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

3. ദർഘാസ് ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

4. ഇ എം ഡി രജിസ്റ്റർ

5. പെർഫോമൻസ് ഗ്യാരന്റി രജിസ്റ്റർ/സെക്യൂരിറ്റി രജിസ്റ്റർ

6. അടങ്കൽ അനുമതി രജിസ്റ്റർ

7. പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താൽപര്യവും കാണിക്കുന്നില്ല. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ആവശ്യമാണെന്ന് വികസനകാര്യ കമ്മിറ്റിയെ ധരിപ്പിക്കേണ്ടതും ഈ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

8. രണ്ടര ലക്ഷത്തിൽ താഴെയുള്ള മരാമത്ത് പ്രവൃത്തികളുടെ എണ്ണം പെരുകുന്നു - സർക്കാരിന് ചരക്ക് സേവന നികുതിയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു

2018-19 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾക്കായി 45 പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 13പ്രവൃത്തികളുടെ അടങ്കൽ രണ്ടരലക്ഷത്തിൽ താഴെയാണ്. വാർഡ് അടിസ്ഥാനത്തിൽ റോഡ് മെയിന്റനൻസിനുള്ള പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കുന്നതു മൂലം താരതമ്യേന ചെറിയ നീളത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിനും പദ്ധതികളുടെ എണ്ണം കൂടുന്നതിനുള്ള സാഹചര്യം സംജാതമാവുകയും ചെയ്യുന്നു. ആവിഷ്ക്കരിച്ച പദ്ധതികളിൽ 43 എണ്ണം പ്രവൃത്തികളും പൂർത്തീകരിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞു എന്നുള്ളത് ശ്രദ്ധേയമാണ്. റോഡ് പ്രവൃത്തികളുടെ ആരംഭം മുതൽ അവസാനം വരെയുള്ള അറ്റകുറ്റപ്പണികൾക്ക് ഒന്നിച്ച് എസ്റ്റിമേറ്റ് എടുക്കുന്നതിന് പഞ്ചായത്തിനെ ഒറ്റ യൂണിറ്റ് ആയി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-18 നേന്ത്ര വാഴ കൃഷി - അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ പേര് | 65/19നേന്ത്ര വാഴ കൃഷി |
| അടങ്കൽ | രൂ. 250000/-(വികസന ഫണ്ട് SCP) |
| ചെലവ് രൂ. 250000/- | (1) ബിൽ നം.2/18-19/16.11.2018 രൂ. 250000/-<br>Amount Transfer credited to the Beneficiary ( Ms. RAIDCO, Iritty )Bank A/C No. SBIN0000822//30907888775-on 16.11.2018 |

പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്ത് നേന്ത്ര വാഴ കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച്, 49 ജെ എൽ ജി കൾക്ക് 15625 വാഴക്കന്ന് വിതരണം ചെയ്തതിന്റെ ചെലവായി റെയ്ഡ്കോ ഇരിട്ടിക്ക് 2,50,000/- രൂപ കൈമാറിയിട്ടുണ്ട് . പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

14-02-2018 ലെ ജി ഒ (പി) നം 22/2018 എൽ എസ് ജി ഡി നം സർക്കാർ ഉത്തരവ് / സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6-1 (4) പ്രകാരം കൃഷി വകുപ്പ് , സർക്കാർ ഫാമുകൾ , നാഷണൽ സീഡ്സ് കോർപ്പറേഷൻ സംസ്ഥാന വിത്ത് വികസന അതോറിറ്റി വി എഫ് പി സി കെ എന്നിവരിൽ നിന്നും യഥാർത്ഥ വില കൊടുത്തു വാങ്ങിക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ റെയ്ഡ്കോ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല .മാത്രമല്ല ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചല്ല റെയ്ഡ്കോയെ തെരഞ്ഞെടുത്തതും അവരിൽ നിന്നും വിത്തുകൾ വാങ്ങി വിതരണം ചെയ്തതും .ആയതിനാൽ റെയ്ഡ്കോ ഒരു ഏജന്റ് എന്ന നിലക്ക് വിത്ത് വിതരണം നടത്തി എന്നല്ലാതെ പഞ്ചായത്തിന് യഥാർത്ഥ വിലക്ക് വിത്ത് ലഭിച്ചു എന്ന് കരുതുവാനാകില്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കി സർക്കാർ ഉത്തരവ്/മാർഗ്ഗരേഖ എന്നിവയിൽ പരാമർശിക്കുന്ന രീതിയിൽ തന്നെ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 എസ്.എസ്.എ വിഹിതം -പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടില്ല.

പ്രോജക്റ്റ് നം.2/19

അടങ്കൽ :951469 രൂപ.

ഭരണാനുമതി :1(1)/2018 തി.9.3.2018

ചെലവ് :951469 രൂപ.(ബിൽ നം.4/28.4.2018)

എസ്.എസ്.എ ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ എ/എൽ എസ്.ജി/15.2.2018 കത്തിൽ ആവശ്യപ്പെട്ടത് പ്രകാരമാണ് തുക അടവാക്കിയിരിക്കുന്നത്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് (നം.ഇല്ല,തിയ്യതി 30.4.2019) വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് 14 കാര്യങ്ങൾ ചെയ്യുന്നതിനാണ് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നത്. ഇവയിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളുടെ മതിപ്പ് ചെലവ് ഇനം തിരിച്ച് നൽകിയിട്ടില്ല. ആയിതനാൽ തന്നെ എസ്.എസ്.എ ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള സ്കൂളുകളിൽ നടത്തപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയതായും കാണുന്നില്ല.ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് വിശദമായ വിനിയോഗ വിവരം എസ്.എസ്.എ യിൽനിന്നും ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്റ്റുകൾ രൂപീകരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 തെരുവ് വിളക്ക് പരിപാലനം നടക്കുന്നില്ല.

പടിയൂർ കല്യാട് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ 233321 രൂപ തെരുവ് വിളക്ക് ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലായെന്ന് മാത്രമല്ല തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽതന്നെ പ്രവർത്തനക്ഷമമായവയും അല്ലാത്തതുമായി എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഗ്രാമപഞ്ചായത്തിലില്ല. ഓഡിറ്റ് വർഷത്തിൽ തെരുവ് വിളക്ക് പരിപാലത്തിനായി വാർഷീക കരാർ ചമച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഈ വർഷത്തിൽ തെരുവ് വിളക്ക് റിപ്പയർ നടത്തിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയായ തെരുവ് വിളക്ക് പരിപാലനത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യ വിലോപമാണ്. തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് 17.8.2015 ലെ

ജി.2/44274/2015 സർക്കുലറിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 പാലിയേറ്റീവ് കെയർ പ്രോജക്ട് - രേഖകളിലെ അപാകങ്ങളും മരുന്നുകൾ ലഭ്യമാകാത്തതും- അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

പ്രോജക്ട് നം 78/19,

111/19 (സ്പിൽ ഓവർ)

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും നല്ല രീതിയിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്.എന്നാൽ അവയുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട ചില അപാകങ്ങൾ താഴെ കൊടുക്കുന്നു.

1)<u>പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ.</u>

പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയിലെ(സർക്കാർ ഉത്തരവ് സാധാ നം.3217/2015/തസ്വഭവ തി.29.10.2015 )ഖണ്ഡിക 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി പരമാവധി രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ട്.എന്നാൽ ഓഡിറ്റ് വർഷത്തിൽ രണ്ട് മാസത്തിൽ കൂടിയ ഇടവേളകളിലാണ് ഈ കമ്മറ്റി യോഗം ചേർന്നിരിക്കുന്നതായി കാണുന്നത്.

2)<u>മോണിറ്ററിംഗ് രേഖപ്പെടുത്തുന്നില്ല.</u>

മാർഗ്ഗരേഖയിലെ ഖണ്ഡിക നം.2.11.4 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ 2018-19 വർഷത്തെ മിനുട്സുകൾ പരിശോധിച്ചതിൽ ഇവയുടെ വിലയിരുത്തൽ നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല.

3)<u>ഓണറേറിയം നൽകുന്നതിൽ കാലതാമസം.</u>

മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് ഖണ്ഡിക 2.8.11പ്രകാരം പാലിയേറ്റീവ് കെയർ നഴ്സിനുള്ള മുൻമാസത്തെ ഓണറേറിയം എല്ലാമാസവും പത്താം തിയ്യതിക്ക് മുമ്പായി നൽകേണ്ടതുണ്ട്. വികസന ഫണ്ടിന്റെ അപര്യാപ്തത കാരണമോ പ്രോജക്ടിന്റെ അംഗീകാരം ലഭിക്കുന്നതിലുള്ള കാലതമാസം കാരണമോ വകയിരുത്തിയ ഫണ്ട് ലഭ്യമല്ലയെങ്കിൽ തനത് ഫണ്ടിൽനിന്നും തുക ചെലവഴിക്കുകയും തുടർന്ന് പ്രോജക്ടിന് അംഗീകാരം ലഭിക്കുന്ന അവസരത്തിൽ തുക തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കുകയും ചെയ്യണമെന്നും ഈ ഖണ്ഡിക നിഷ്കർഷിക്കുന്നു.എന്നാൽ 2018-19 വർഷത്തിൽ നഴ്സിന്റെ ഓണറേറിയം എല്ലാ മാസവും പത്താം തിയ്യതിക്ക് മുമ്പായി നൽകിയിട്ടില്ല. മാത്രമല്ല പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ സ്പിൽ ഓവറായി വെക്കുവാൻ പാടില്ലായെന്ന് ഖണ്ഡിക നം.2.10.6 ൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വികസന

ഫണ്ടിന്റെ അപര്യാപ്തതയാൽ 2017-18 വർഷത്തെ പ്രോജക്ട് സ്പിൽ ഓവറായി വെക്കുകയും 2018 ഫെബ്രുവരി,മാർച്ച് മാസങ്ങളിലെ ഓണറേറിയം 2018-19 വർഷത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. (പ്രോജക്ട് നം. 111/19,ബിൽ നം.1/31.5.2018)

4)രോഗികളുടെ പേര് വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 2.5.6 പ്രകാരം പരിചരണം ലഭിക്കുന്ന രോഗികളുടെ പേര് വിവരം ഗ്രാമപഞ്ചായത്തിന്റെവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

5)സ്റ്റോക്ക് രജിസ്റ്ററിൽ ശരിയാംവിധം രേഖപ്പെടുത്തൽ വരുത്തുന്നില്ല.

2018-19 വർഷത്തിൽ വിവിധ ബില്ലുകളിലായി 204257രൂപ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പി.എച്ച്.സി യിൽസൂക്ഷിച്ചിരിക്കുന്ന ഇവയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത് ശരിയായ വിധമല്ല.ഓരോ ഇനം മരുന്നുകൾക്കും ഉപകരണങ്ങൾക്കും ഓരോ പേജ് വീതം നീക്കിവെക്കുകയും സമയാ സമയങ്ങളിൽ ലഭിക്കുന്ന മരുന്നുകളുടെ അളവ്/ ഉപകരണങ്ങളുടെ എണ്ണം എന്നിവ രേഖപ്പെടുത്തി അവയുടെ വിതരണവിവരവും നീക്കിബാക്കിയും രേഖപ്പെടുത്തുകയും ചെയ്യുകയാണ് വേണ്ടത്. കൂടാതെ നിശ്ചിത ഇടവേളകളിൽ മെഡിക്കൽ ഓഫീസർ സ്റ്റോക്ക് പരിശോധന നടത്തുകയും വാർഷീക സ്റ്റോക്ക് പരിശോധനയും സർട്ടിഫിക്കേഷനും നിർബ്ബന്ധമായും നടത്തേണ്ടതുമുണ്ട്.എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

6)മരുന്നുകൾ /ഉപകരണങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക നൽകിയിട്ടുണ്ടെങ്കിലും ചിലയിനം മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ

| ക്രമ നം. | മരുന്ന് ലഭ്യമാക്കുന്ന സ്ഥാപനം | തുക/ചെക്ക് നമ്പർ | ലഭിച്ച മരുന്നുകളുടെ മൂല്യം | ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| 1 | കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപറേഷൻ | 37867/- (518636/10.12.18) | 31600.6 | 6266.4 |
| 2 | | 21762/- (529725/01.02.19) | 12569.11 | 9192.89 |

മുകളിൽ പറഞ്ഞിരിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ഓർഡർ ചെയ്ത മുഴുവൻ മരുന്നുകളും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

# 1-22 സർക്കാർ ഉത്തരവ് പാലിക്കുന്നില്ല-

## പത്രപരസ്യം ഇനത്തിൽ അധിക ചെലവ്

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ടെൻഡർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് 2018-19 വർഷത്തിൽ 36735 രൂപ ദേശാഭിമാനി ദിനപത്രത്തിന് നൽകിയിട്ടുണ്ട്. ചതുരശ്ര സെന്റീമീറ്ററിന് 218 രൂപ നിരക്കിലാണ് ദേശാഭിമാനി പത്രം പരസ്യതുക ഈടാക്കിയിട്ടുള്ളത്. എന്നാൽ 20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015/പി.ആർ.ഡി ഉത്തരവു പ്രകാരം മലയാള മനോരമ,മാതൃഭൂമി എന്നീ പത്രങ്ങളിൽ സർക്കാർ പരസ്യങ്ങൾ (കണ്ണൂർഎഡിഷൻ) സ്ക്വയർ സെന്റീമീറ്ററിന് യഥാക്രമം 65.18രൂപ, 91.75 രൂപ നിരക്കുകളിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തീക താല്പര്യങ്ങൾ പരിഗണിച്ച് ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-23 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല; സാക്ഷരതാമിഷനിൽനിന്നും തുക തിരികെ ലഭ്യമായിട്ടില്ല.

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-18 പട്ടിക പ്രകാരം വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ താഴെ പറയുന്ന തുകകൾ വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ നൽകിയ ഡെപ്പോസിറ്റുകളാണ് ഇവയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | നൽകിയ തുക | തുക നൽകിയ വർഷം. | തുക സ്വീകരിച്ച സ്ഥാപനം. | പ്രവർത്തിയുടെ നിലവിലെ അവസ്ഥ | വിനിയോഗ സാക്ഷ്യ പത്രത്തിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട്ന.84/16) | 207000 രൂപ | 2015-16 | വാട്ടർ അതോറിറ്റി | പൂർത്തീകരിച്ച | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല. |
| 2 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് വൈദ്യുതി കണക്ഷൻ.(162/18) | 121950രൂപ | 2017-18 | കെ.എസ്.ഇ.ബി | | |

മേൽ പറഞ്ഞ തുകകൾ കൂടാതെ 2018-19 വർഷത്തിലെ ബി 18 പട്ടികയിലെ മുൻകൂറായി കാണിച്ചിരിക്കുന്ന 64783 രൂപ സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം ഇനത്തിൽ തനത് ഫണ്ടിൽനിന്നും നൽകിയതാണെന്ന് ഓഡിറ്റ് എൻക്വയറിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

ഇത് ഏത് വർഷം നൽകിയ തുകയാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ തുക നാളിതുവരെയും സാക്ഷരതാ മിഷനിൽനിന്നും തിരികെ ലഭ്യമായിട്ടില്ലയെന്നും മറപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സ്ഥാപനങ്ങളിൽനിന്നും അവ ലഭ്യമാക്കുന്നതിനും സാക്ഷരതാ മിഷനിൽനിന്നും തിരികെ ലഭിക്കേണ്ട തുക തിരികെ ഈടാക്കിയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 വാട്ടർ അതോറിറ്റിയിൽനിന്നും 41417 രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം.34/19

പ്രോജക്ടിന്റെ പേര്:കേരള വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

ചെലവ് :1064000 രൂപ (1017000 രൂപ,ധനകാര്യ കമ്മീഷൻ ഗ്രാന്റ്,ബിൽനം.30/29.8.2018, 47000 രൂപ വികസന ഫണ്ട് ബിൽ നം.31/29.8.2018)

മുകളിൽ സൂചിപ്പിച്ച പ്രകാരം ഗ്രാമപഞ്ചായത്തിൽ 1600 മീറ്റർ ദൈർഘ്യത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി തുക നൽകുകയും പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.തുടർന്ന് വാട്ടർ അതോരിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയിരിക്കുന്ന വിനിയോഗ സാക്ഷ്യപത്രം പ്രകാരം (നം./തി. ഇല്ല) വിനിയോഗിച്ചിരിക്കുന്ന തുക 10,22,583 മാത്രമാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അവശേഷിക്കുന്ന 41,417 രൂപവാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം വ്യക്തമാക്കിയിട്ടില്ല;ഭൂനികുതി അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെയുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും ആയതിന് ഭൂനികുതി അടവാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭൂനികുതി അടവാക്കിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി.ആകെയുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം ലഭ്യമാക്കുകയുമുണ്ടായില്ല.

കൂടാതെ തിരൂർ പുഴയുടെ പുറമ്പോക്ക് കയ്യേറ്റം നടക്കുന്നതിനാൽ പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് ഭരണസമിതിയുടെ 29.8.2018 ലെ അജണ്ട നം. 8 ലെ 2 ാം നമ്പർ തീരുമാനപ്രകാരം തഹസിൽദാറോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്രകാരം സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലായെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ സ്ഥലത്തിന്റെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി ഭൂനികുതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24.7.2019 മുതൽ 25.7.2019 | KSA/KNR/C14/1324/2019 തി.16.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 2019 | 425000 | പ്രൊജക്ട് നമ്പർ-62<br>നെൽകൃഷി കൂലി ചെലവ് സബ്സീഡി | 425000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2019 | 350000 | പ്രൊജക്ട് നമ്പർ-78<br>സാന്ത്വന പരിചരണം | 350000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2019 | 150000 | പ്രൊജക്ട് നമ്പർ-15<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് വിഹിതം | 2019 | 100000 | പ്രൊജക്ട് നമ്പർ-15<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2019 | 1378830 | ലൈഫ് ഭവന പദ്ധതി | 1360000 | 18830 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 2019 | 883785 | ലൈഫ് ഭവന പദ്ധതി | 880000 | 3785 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2019 | 94380 | പ്രൊജക്ട് നമ്പർ-13<br>ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) | 90000 | 4380 |
| ബ്ലോക്ക് വിഹിതം | 2019 | 180838 | ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം) | 180000 | 838 |
| ബ്ലോക്ക് വിഹിതം | 2019 | 300000 | പ്രൊജക്ട് നമ്പർ-72 പൈസലകുണ്ടം കുടിവെള്ള പദ്ധതി | 300000 | 0 |
| ബ്ലോക്ക് വിഹിതം | 2019 | 500000 | പ്രൊജക്ട് നമ്പർ-73<br>പൂവ്വം പട്ടികജാതി സങ്കേതത്തിന കുടിവെള്ള പദ്ധതി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2019 | 500000 | പ്രൊജക്ട് നമ്പർ-140<br>പാലിയോട് കുടിവെള്ള പദ്ധതി | 430468 | 69532 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2019 | 400000 | പ്രൊജക്ട് നമ്പർ-27<br>ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് | 400000 | 0 |
| ബ്ലോക്ക് വിഹിതം | 2019 | 250000 | പ്രൊജക്ട് നമ്പർ-27<br>ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് | 250000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 34/19 | 30/29.8.2018<br>31/29.8.2018 | 1064000 | 1022583 | 41417 |
| കെ.എസ്.ഇ.ബി | പൈസലക്കുണ്ടം കുടിവെള്ള | ---- | 291014 | 291014 | 0 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി കണക്ഷൻ | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 12982574രൂപ വരവുണ്ട്.

ഈ വർഷം ഈ ഇനത്തിൽ ചെലവ്/തിരിച്ചടവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)6818 തി.18.5.2018 | 12982574 | ഇല്ല | ഇല്ല | ഇല്ല | 12982574 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ | സ്ഥാപനത്തിന്റെ | നിക്ഷേപിച്ച | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നം | പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | തിയതി | | | |
| 1 | മലബാർ ടൂറിസം ഡവലപ്മെൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 13.5.2019 | | 10000 | ഷെയർ സർട്ടിഫിക്കറ്റ് |
| ആകെ | | | | 10000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2016-17 | | വസ്തുനികുതി | നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | | തൊഴിൽനികുതി | നിലനിൽക്കുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71557668 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70823875 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

(ഇല്ല)

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

( ഇല്ല)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇല്ല)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

(ഇല്ല)

# 4-11 തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | LF/KNR/C4/2078/17 തീ.09.04.2018 | 13 |
| 2003-04 | LF/KNR/C4/2078/17 തീ.09.04.2018 | 1 |
| 2004-05 | LF/KNR/C4/2078/17 തീ.09.04.2018 | 2 |
| 2005-06 | LF/KNR/C4/2078/17 തീ.09.04.2018 | 2 |
| 2006-07 | LF/KNR/C4/2078/17 തീ.09.04.2018 | 4 |
| 2007-08 | LF/KNR/C4/2078/17 തീ.09.04.2018 | 1 |
| 2009-10<br>2010-11<br>2011-12 | LF/KNR/C4/2078/17 തീ.09.04.2018 | 24 |
| 2012-13 | LF/KNR/C4/2078/17 തീ.09.04.2018 | 7 |

| | | |
|---|---|---|
| 2013-14 | | |
| 2014-15 | LF/KNR/C4/2078/17 തീ.09.04.2018 | 8 |
| 2015-16 | LF/KNR/C4/2227/16 തീ.23.01.2017 | 7 |
| 2016-17 | LF/KNR/C4/1636/17 തീ.01.11.2017 | 12 |
| 2017-18 | KSA/KNR/C4/187/19 തീ.22.3.2019 | 29 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.14/1879/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 11.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന്

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Padiyoor Kalliad Grama Panchayat<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11211211 |
| Cash | Cash | RP-40(a) | 0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 890260 |
| 140000000 | Fees & User Charges | RP-4 | 316820 |
| 150000000 | Sale & Hire Charges | RP-5 | 167324 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46149811 |
| 171000000 | Interest Earned | RP-9 | 233068 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7708970 |
| 350000000 | Other Liabilities | RP-36 | 98450 |
| | Non Operating | | |
| 180000000 | Other Income | RP-10 | 240 |
| 311000000 | Earmarked Funds | RP-29 | 7973 |
| 330000000 | Secured Loans | RP-32 | 12982574 |
| 340000000 | Deposits Received | RP-34 | 206560 |
| 350000000 | Other Liabilities | RP-36 | 205684 |
| | | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 2583934 |
| 460000000 | Loans, Advances and Deposits | RP-47 | 6000 |
| | Grand total | | 82768879 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2542160 |
| 220000000 | Administrative Expenses | RP-12 | 735640 |
| 230000000 | Operations & Maintenance | RP-13 | 1031162 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4881000 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29649529 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 368052 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 254023 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 377000 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 7606129 |
| 280000000 | Prior Period item | RP-26 | 1270 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 779740 |
| 350000000 | Other Liabilities | RP-36 | 5108185 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1846 |
| 270000000 | Provisions and Write off | RP-23 | 0 |
| 280000000 | Prior Period Item | RP-26 | -2500 |
| 311000000 | Earmarked Funds | RP-29 | 115000 |
| 340000000 | Deposits Received | RP-34 | 67250 |
| 350000000 | Other Liabilities | RP-36 | 1933026 |
| 410000000 | Fixed Assets | RP-38 | 3470045 |
| 412000000 | Capital work in Progress | RP-40 | 10858728 |
| 460000000 | Loans, Advances and Deposits | RP-47 | 1046590 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 11936188 |
| Cash | Cash | RP-40(b) | 8816 |
| | Grand Total | | 82768879 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Padiyoor Kalliad Grama Panchayat

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3585818 |
| 140000000 | Fee & User Charges | I-4(b) | 466120 |
| 150000000 | Sale & Hire Charges | I-5(b) | 167324 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 122326007 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 233068 |
| 180000000 | Other Income | I-9 | 64521 |
| | Total Income | | 126842858 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10142420 |
| 220000000 | Administrative Expenses | I-11(b) | 735640 |
| 230000000 | Operations & Maintenance | I-12(b) | 1031162 |
| 240000000 | Interest & Finance Charges | I-13 | 1846 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 7486500 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 55516980 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 368052 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 254023 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State | I-14(d) | 41023600 |

| | | | |
|---|---|---|---|
| | Sponsored | | |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 7606129 |
| 270000000 | Provisions and Write off | I-16 | 0 |
| 272000000 | Depreciation | I-17(a) | 6496123 |
| | Total Expenditure | | 130662475 |
| | Gross Surplus/ Deficit of income over Expenditure | | -3819617 |
| 280000000 | Prior Period Item | I-18 | 348803 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -4168420 |
| 290000000 | Transfer to Reserve Funds | I-18(a) | 0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Padiyoor Kalliad Grama Panchayat<br>As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 78786329 |
| 411000000 | Accumulated Depreciation | B-11 | -21680707 |
| 412000000 | Capital Work in Progress | B-11(a) | 1296459 |
| | Total Fixed Assets | | 58402081 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000 |
| | Total Investments | | 10000 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1078198.9 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank Balance | B-17 | 11945004 |
| 460000000 | Loans, Advances and Deposits | B-18 | 985523 |
| | LIABILITIES | | |
| | | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -4223282.2 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 5952 |
| | Agency Fund | | |
| 312000000 | Reserves | B-3 | 54813433 |
| | Total Reserve & Surplus | | 50596102.8 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7462821 |
| | Total Grants, Contributions for Specific Purposes | | 7462821 |
| | Loans | | |
| 330000000 | Secured Loans | B-5 | 12982574 |
| | Total Loans | | 12982574 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 305610 |
| 350000000 | Other Liabilities | B-9 | 1073699.1 |
| | Total Current Liabilities and Provisions | | 1379309.1 |
| | TOTAL LIABILITIES | | 72420806.9 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.